"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് -ഭൂവിനിയോഗ ബോർഡ് ശാക്തീകരണം- "സെമിക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള ജലവിഭവ പരിപാലനവും സംരക്ഷണ പദ്ധതി തയ്യാറാക്കൽ" എന്ന സ്കീമിനു കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.114/2025/P&EA തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം.450/2024/P&EA,തീയതി 05.12.2024

2. കേരള സംസ്ഥാന ഭൂവിനിയോഗ കമ്മീഷണറുടെ 14.08.2024, 04.02.2025,22.02.2025 തീയതികളിലെ എൽ.യു.ബി /139/2024-എ നമ്പർ കത്തുകൾ

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ "ഭൂവിനിയോഗ ബോർഡ് ശാക്തീകരണം" (Strengthening State Land Use Board 2402-00-001-98 പ്ലാൻ) എന്ന പദ്ധതിയുടെ കീഴിൽ വരുന്ന "സെമിക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള ജലവിഭവ പരിപാലനവും സംരക്ഷണ പദ്ധതി തയ്യാറാക്കൽ", എന്ന പദ്ധതി ഘടകത്തിന് 52.35 ലക്ഷം രൂപയ്ക്ക് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷം "സെമിക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള ജലവിഭവ പരിപാലനവും സംരക്ഷണ പദ്ധതി തയ്യാറാക്കൽ", എന്ന പദ്ധതിയുടെ കീഴിൽ 31 റിസോഴ്സ് പേഴ്സൺമാരെ (31 ജലമിത്രങ്ങൾ) നിയമിച്ചിട്ടുണ്ടെന്നും 2025 മാർച്ച് 31 വരെയാണ് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനു വിഭാവനം ചെയ്തിരിക്കുന്നതെന്നും ടി കാലയളവിലേക്ക് റിസോഴ്സ് പേഴ്സൺമാർക്ക് ഓണറേറിയം നൽകുന്നതിനുള്ള തുക 2402-00-001-98 പ്ലാൻ ശീർഷകത്തിൽ ലഭ്യമാക്കണമെന്നും പരാമർശം(2) പ്രകാരം ഭൂവിനിയോഗ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂവിനിയോഗ ബോർഡിന്റെ

"സെമിക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള ജലവിഭവ പരിപാലനവും സംരക്ഷണ പദ്ധതി തയ്യാറാക്കൽ" എന്ന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന **31** റിസോഴ്സ് പേഴ്സൺമാർക്ക് അവരുടെ സേവന കാലയളവ് പരിഗണിച്ച്, **2402-00-001-98** എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും പ്രതിമാസം **15000/-**രൂപ നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുന്നതിന് ഭൂവിനിയോഗ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 22-03-2025 11:00:12